മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

Chief Electoral Officer, Kerala

# SIR 2026ൽ പങ്കാളികളാവൂ

അർഹരായ എല്ലാവരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുക എന്നതാണ് SIR (Special Intensive Revision) ന്റെ ഉദ്ദേശ്യം. ഈ SIR സമയത്ത് നിങ്ങളുടെ പേര് വോട്ടർ പട്ടികയിൽ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക. ജനാധിപത്യത്തിന്റെ അടിത്തറയുടെ ഭാഗമാവുക.

## ബി.എൽ.ഓ (BLO)മാർ എന്തു ചെയ്യും?

- 2025 ഒക്ടോബർ 27-ന് പട്ടികയിൽ ഉണ്ടായിരുന്ന എല്ലാ വോട്ടർമാർക്കും എന്യൂമറേഷൻ ഫോം നൽകും
- 2025 നവംബർ 4-നും ഡിസംബർ 4-നുമിടയിൽ നിങ്ങളുടെ വീടുകൾ സന്ദർശിക്കും.
- എന്യൂമറേഷൻ ഫോമിന്റെ രണ്ടു കോപ്പികൾ നിങ്ങൾക്ക് നൽകും.
- ഫോം പൂരിപ്പിക്കാൻ നിങ്ങളെ സഹായിക്കും.
- നിങ്ങൾ പൂരിപ്പിച്ച എന്യൂമറേഷൻ ഫോം തിരികെ വാങ്ങി കൈപ്പറ്റിയതിന് രശീതി നൽകും.

## നിങ്ങളെന്താണ് ചെയ്യേണ്ടത്?

- ബി.എൽ.ഓമാർ തരുന്ന രണ്ടു ഫോമും പൂരിപ്പിക്കുക.
- ഒരു കളർ ഫോട്ടോ ഫോമിൽ പതിപ്പിക്കുക. (ഇത് നിർബന്ധമല്ല.)
- ഫോം പൂരിപ്പിക്കുന്നതിനോ ഓൺലൈനായി അപ് ലോഡ് ചെയ്യുന്നതിനോ സഹായം ആവശ്യമെങ്കിൽ ബി.എൽ.ഓമാരുമായി ബന്ധപ്പെടുക.
- പൂരിപ്പിച്ച ഫോമുകൾ ബി.എൽ.ഓമാർക്ക് കൈമാറി രശീതി വാങ്ങുക.

## വോട്ടർപട്ടികയിൽ നിങ്ങളുടെ പേരുണ്ടോ എന്ന് എങ്ങനെ പരിശോധിക്കാം

QR Code സ്കാൻ ചെയ്യാം

ഔദ്യോഗിക പോർട്ടൽ സന്ദർശിക്കാം: https://voters.eci.gov.in

നിങ്ങൾക്ക് വോട്ടർ ഹെൽപ് ലൈൻ നമ്പറായ 1950-ൽ വിളിക്കുകയോ അല്ലെങ്കിൽ വോട്ടർ ഹെൽപ്‌ലൈൻ ആപ് (Voter Helpline App) ഉപയോഗിക്കുകയോ ചെയ്യാം

## സമയക്രമം

- **തയ്യാറെടുപ്പും പരിശീലനവും** — 2025 ഒക്ടോബർ 28 – നവംബർ 3
- **ഭവനം തോറുമുള്ള കണക്കെടുപ്പ്** — 2025 നവംബർ 4 – ഡിസംബർ 4
- **കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ** — 2025 ഡിസംബർ 9
- **പരാതികൾ സമർപ്പിക്കൽ** — 2025 ഡിസംബർ 9 – 2026 ജനുവരി 8
- **അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ** — 2026 ഫെബ്രുവരി 7

## SIR സംവിധാനം / പ്രശ്നപരിഹാരം

- ബൂത്ത് ലെവൽ ഓഫീസർ (BLO): ഓരോ പോളിംഗ് സ്റ്റേഷനും ഒരു ബൂത്ത് ലെവൽ ഓഫീസർ (BLO) ഉണ്ടായിരിക്കും.
- വോട്ടർ പട്ടികയുടെ മണ്ഡലംതല ചുമതല ERO-യ്ക്കാണ് (കരട് പട്ടിക തയ്യാറാക്കൽ, പരാതികളുടെ പരിഹാരം, അന്തിമ പ്രസിദ്ധീകരണം)
- EROയുടെ തീരുമാനത്തിനെതിരെ വരുന്ന ആദ്യ അപ്പീൽ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ (DEO) പരിഗണിക്കും
- DEOയുടെ തീരുമാനത്തിനെതിരായ രണ്ടാം അപ്പീൽ സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ (CEO) പരിഗണിക്കും
- ഓൺലൈൻ വഴിയും ഫോം സമർപ്പിക്കാം.

**വോട്ടർ പട്ടികയിൽ ചേരാൻ ഭരണഘടനയിലെ ആർട്ടിക്കിൾ 326 പ്രകാരം ഇന്ത്യൻ പൗരത്വം നിർബന്ധമാണ്. പട്ടിക ശുദ്ധീകരിക്കാനും ആവശ്യമെങ്കിൽ പുതിയ പട്ടിക തയ്യാറാക്കാനും 1950ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 21 കമ്മീഷന് അധികാരം നൽകുന്നു**

**ഭരണഘടനയിലെ 326-ാം അനുച്ഛേദം അനുസരിച്ച് വോട്ടറാകാനുള്ള യോഗ്യതകൾ:**
- ഇന്ത്യൻ പൗരൻ
- കുറഞ്ഞത് 18 വയസ്സ് തികഞ്ഞിരിക്കണം
- നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാർ
- നിയമപരമായ അയോഗ്യതകൾ ഇല്ലാത്തവർ

**എസ്.ഐ.ആർ സംബന്ധമായ എന്ത് സംശയങ്ങൾക്കും വിളിക്കാം ടോൾ ഫ്രീ വോട്ടർ ഹെൽപ്പ് ലൈൻ നമ്പറായ 1950-ൽ**

**1950**

## ഉപയോഗിക്കാവുന്ന തിരിച്ചറിയൽ രേഖകൾ / സർട്ടിഫിക്കറ്റുകൾ

- സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / ബാങ്കുകൾ / എൽ.ഐ.സി / പോസ്റ്റ് ഓഫീസ് എന്നിവ 01.07.1987-ന് മുൻപ് നൽകിയ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ സർട്ടിഫിക്കറ്റ്
- കേന്ദ്ര / സംസ്ഥാന സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ (PSU) നൽകുന്ന തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പെൻഷൻ രേഖ
- മെട്രിക്കുലേഷൻ (പത്താം ക്ലാസ്) വിദ്യാഭ്യാസ സർട്ടിഫിക്കറ്റ്
- ആധാർ – 09.09.2025-ലെ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ (ECI) നിർദ്ദേശപ്രകാരം
- തദ്ദേശ സ്ഥാപനം നൽകിയ കുടുംബ രജിസ്റ്റർ (Family Register)
- ജാതി/സമുദായ സർട്ടിഫിക്കറ്റ് (ഒ.ബി.സി / എസ്.സി / എസ്.ടി)
- വനാവകാശ സർട്ടിഫിക്കറ്റ് (Forest Right Certificate)
- സർക്കാർ നൽകിയ ഭൂമി/വീട് അനുവദിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് (Land/House Allotment Certificate)
- യോഗ്യതയുള്ള അധികാരി നൽകിയ ജനന സർട്ടിഫിക്കറ്റ്
- എൻ.ആർ.സി എൻട്രി (ബാധകമെങ്കിൽ)
- സ്ഥിര താമസ സർട്ടിഫിക്കറ്റ് (Permanent Residence Certificate)
- പാസ്സ്പോർട്ട്